# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 875 09.08.2017 -ലെ മറുപടി

## പ്ലാച്ചിമടയിലെ കൊക്കോകോള കമ്പനി

**ചോദ്യം** **മറുപടി**

**ശ്രീ. സണ്ണി ജോസഫ്**
**,, ഷാഫി പറമ്പിൽ**
**,, എൽദോസ് പി. കുന്നപ്പിള്ളിൽ**
**,, റോജി എം. ജോൺ**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഇ.കെ. നായനാർ മന്ത്രിസഭയുടെ കാലത്ത് 2000-ത്തിൽ അനുമതി നൽകിയ പ്ലാച്ചിമടയിലെ കൊക്കോ കോള കമ്പനി ഇനി തുറക്കുവാൻ ഉദ്ദേശമില്ലെന്ന് കമ്പനി അധികൃതർ സുപ്രീംകോടതിയിൽ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; | എ) | കേരള സംസ്ഥാനവും ഹിന്ദുസ്ഥാൻ കൊക്കകോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡും തമ്മിലുണ്ടായിരുന്ന സിവിൽ അപ്പീൽ നം. 4034/2009, 4035/2009, 4036/2009 എന്നീ കേസുകൾ ബഹു: സുപ്രീംകോടതിയിൽ 13.07.2017 തീയതിയിൽ പരിഗണനയ്ക്കായി വന്നപ്പോൾ ടി കമ്പനിയുടെ സീനിയർ അഭിഭാഷകൻ, ഇനി മുതൽ, ഫാക്ടറി പ്രവർത്തിപ്പിക്കാൻ, കമ്പനി ഉദ്ദേശിക്കുന്നില്ല എന്നും ആകയാൽ ലൈസൻസ് പുതുക്കി നൽകുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നൽകിയ നിർദ്ദേശത്തിന്റെ സാധുത പരിഗണിക്കേണ്ടതില്ല എന്നും ബോധിപ്പിക്കുകയുണ്ടായി. ടി പ്രസ്താവം ബഹുമാനപ്പെട്ട സുപ്രീംകോടതി രേഖപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സിവിൽ അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തു. |
| ബി) | പരിസ്ഥിതി നിയമങ്ങളുടെ നഗ്നമായ ലംഘനം നടത്തി ജനജീവിതം ദുസ്സഹമാക്കിയ കമ്പനിയിൽ നിന്നും നഷ്ടപരിഹാര തുക ഈടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) യും സി) യും | നിയമവകുപ്പ്, അഡ്വക്കേറ്റ് ജനറൽ എന്നിവരുമായി കൂടിയാലോചിച്ച് തുടർ നടപടി സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| സി) | നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട ട്രൈബ്യൂണൽ ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ച സാഹചര്യത്തിൽ പുതിയ ബിൽ അവതരിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | | |

Reus

**സെക്ഷൻ ഓഫീസർ**